**Publication:** Deepika

**Region:** Kochi

**Date:** Apr 29, 2009

# എക്സീഡ് പ്രോഗ്രാം കേരളത്തിലെ സ്കൂളുകളിലും

കൊച്ചി: അധ്യാപന രീതിയിലും പഠനത്തിലും മാറ്റങ്ങൾ വരുത്തി കുട്ടികൾക്കു പഠനഭാരം ലഘൂകരിക്കുന്ന എക്സീഡ് പ്രോഗ്രാം കേരളത്തിലെ സ്കൂളുകളിലും നിലവിൽ വരുന്നു. ഇപ്പോൾ സംസ്ഥാനത്തെ ഏഴു സ്കൂളുകളിൽ ഈ രീതി പിന്തുടരുന്നുണ്ട്. അടുത്ത അധ്യയന വർഷത്തോടെ അത് സംസ്ഥാനത്ത് മുപ്പതോളം സ്കൂളുകളിൽ നടപ്പിൽ വരുമെന്ന് എക്സീഡ് പദ്ധതി പ്രായോഗികമാക്കുന്ന ഐ ഡിസ്കവർ ഐയുടെ സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ ആഷിഷ് രാജ്പാൽ അറിയിച്ചു. കിന്റർഗാർഡൻ മുതൽ ആറാം ക്ലാസു വരെയുള്ള സ്കൂളുകളിലേക്കാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കുട്ടികൾക്കു പഠിക്കാനാവശ്യമായ പുസ്തകങ്ങളും അധ്യാപകർക്കു പരിശീലനത്തിലുള്ള കൈപ്പുസ്തകവും മറ്റു സാമഗ്രികളും നൽകുന്നതിനൊപ്പം വിദ്യാഭ്യാസ രംഗത്തെ വിദഗ്ധർ അധ്യാപകർക്ക് പുതിയ രീതിയിൽ കുട്ടികളെ പരിശീലിപ്പിക്കേണ്ടതിനെപ്പറ്റി ക്ലാസുകളും നൽകും.